**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 61** **02-02-2026 - ൽ മറുപടിയ്ക്ക്**

**നവകേരള നിർമ്മിതിയിൽ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിന്റെ പങ്കാളിത്തം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സി.സി. മുകുന്ദൻ,<br>ശ്രീ വി ശശി,<br>ശ്രീമതി സി. കെ. ആശ,<br>ശ്രീ ജി എസ് ജയലാൽ** | | **ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി)** | |
| (എ) | നവകേരള നിർമ്മിതിയിൽ പട്ടികജാതി-പട്ടികവർഗ്ഗ പിന്നാക്ക വിഭാഗങ്ങളുടെ സജീവ പങ്കാളിത്തം ഉറപ്പാക്കാൻ വ്യത്യസ്തങ്ങളായ കർമ്മപദ്ധതികൾ നടപ്പിലാക്കുന്നതിന് കഴിഞ്ഞിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | നവകേരള നിർമ്മിതിയിൽ പട്ടിക വിഭാഗങ്ങളെക്കൂടി ചേർത്തു നിർത്തുന്നതിനായി വിദ്യാഭ്യാസം, ആരോഗ്യം, അടിസ്ഥാന സൗകര്യ വികസനം, സാംസ്കാരിക പൈതൃക സംരക്ഷണം, നിയമപരിരക്ഷ എന്നീ മേഖലകളിൽ വിവിധ ക്ഷേമ പ്രവർത്തനങ്ങളാണ് വകുപ്പുകൾ നടത്തി വരുന്നത്. നിലവിൽ വകുപ്പുകൾ നടത്തിവരുന്ന പദ്ധതികൾക്ക് പുറമെ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നിരവധി നൂതനങ്ങളായ പദ്ധതികൾ ഏറ്റെടുത്ത് നടപ്പാക്കി വരുന്നു. ഇത് സംബന്ധിച്ച് വിശദ വിവരങ്ങൾ അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു. |
| (ബി) | അത്യന്തം അപകടകരമായ ഭൂപ്രകൃതിയും കാലാവസ്ഥയുമുള്ള വനമേഖലകളിൽ അധിവസിക്കുന്ന പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരെ അതിദാരിദ്ര്യമുക്തമാക്കുന്നതിന് ആവിഷ്കരിച്ച് നടപ്പിലാക്കിയ പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ; | (ബി) | **പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരെ അദിദാരിദ്ര്യമുക്തമാക്കുന്നതിന് അടിയ പണിയ പ്രത്യേക ദുർബല ഗോത്ര വർഗ്ഗക്കാർ - വനത്തിൽ ജീവിക്കുന്ന പട്ടികവർഗ്ഗക്കാർ എന്നിവർക്കുള്ള പ്രത്യേക പരിപാടി, ഭക്ഷണത്തിനുള്ള സഹായം/ ഭക്ഷ്യസുരക്ഷയ്ക്കുള്ള പരിപാടി, സമഗ്ര പട്ടികവർഗ്ഗ ആരോഗ്യ സംരക്ഷണം, ഭവന നിർമ്മാണം- അപൂർണ്ണമായ വീടുകളുടെ പൂർത്തികരണം, ഭവനരഹിത പട്ടികവർഗ്ഗക്കാരുടെ ഭവന നിർമ്മാണം(ലൈഫ് മിഷൻ) അംബേദ്ക്കർ സെറ്റിൽമെന്റ് വികസന പദ്ധതി, പട്ടികവർഗ്ഗ ഉന്നതികൾക്കായുള്ള ഉപജീവനമിഷൻ, പട്ടികവർഗ്ഗക്കാർക്കായുള്ള വരുമാനദായക കാർഷിക ഉദ്യമം, കേരള ട്രൈബൽ പ്ലസ്, പട്ടിക വർഗ്ഗ ക്ഷേമ സ്ഥാപനങ്ങൾക്കുള്ള സഹായം തുടങ്ങിയ പദ്ധതികൾ നടപ്പിലാക്കിവരുന്നു.** |
| (സി) | പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളിലെ അതിദാരിദ്ര്യമുക്ത ജനവിഭാഗങ്ങളുടെ ജീവിത | (സി) | **ഇത് സംബന്ധിച്ച വിശദ വിവരങ്ങൾ അനുബന്ധം 2 ആയി ചേർത്തിരിക്കുന്നു.** |

| | | | |
|---|---|---|---|
| | സാഹചര്യങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുന്നതിനുവേണ്ടിയുള്ള തുടർപ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ; | | |
| (ഡി) | പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെട്ട യുവാക്കൾക്ക് സർക്കാർ- സ്വകാര്യ മേഖലകളിലെ ഏറ്റവും ഉന്നത ശ്രേണിയിലുള്ള തൊഴിലുകളിൽ പ്രവൃത്തി പരിചയവും പരിശീലനവും ലഭ്യമാക്കുന്നതിന് നടപ്പിലാക്കുന്ന പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ? | (ഡി) | **പട്ടികവിഭാഗങ്ങളിലെ ബിരുദധാരികളും അഭ്യസ്തവിദ്യരുമായ യുവതീ യുവാക്കൾക്ക് ബന്ധപ്പെട്ട പഠന മേഖലകളിൽ മികച്ച തൊഴിൽ പരിചയം ആർജ്ജിക്കുന്നതിന് അവസരം നൽകുന്നതിനായി വകുപ്പിൽ TRACE(Training for Career Excellence) പദ്ധതി നടപ്പിലാക്കി വരുന്നു. TRACE പദ്ധതി, നൈപുണ്യ പരിശീലനം എന്നിവ മുഖേന നടപ്പിലാക്കി വരുന്ന പരിശീലന പദ്ധതികൾ സംബന്ധിച്ച വിശദവിവരങ്ങൾ അനുബന്ധം 3 ആയി ചേർത്തിരിക്കുന്നു.** |

സെക്ഷൻ ഓഫീസർ

## അനുബന്ധം - 1

- നവകേരള നിർമ്മിതിയിൽ പട്ടികജാതി-പട്ടികവർഗ്ഗ പിന്നാക്ക വിഭാഗങ്ങളുടെ സജീവ പങ്കാളിത്തം ഉറപ്പാക്കാൻ കഴിഞ്ഞ **10** വാർഷിക ബജറ്റുകളിലായി പട്ടികജാതി വികസനത്തിന് **22,284.34** കോടി രൂപയും പട്ടികവർഗ്ഗ വികസനത്തിന് **8187.40** കോടി രൂപയും പ്രത്യേക ഉപ പദ്ധതികളിലായി വകയിരുത്തി വിവിധ ക്ഷേമ വികസന പ്രവർത്തനങ്ങൾ ഏറ്റെടുത്തു. സംസ്ഥാനത്തെ പട്ടികവിഭാഗ ജനസംഖ്യ അനുപാതത്തേക്കാൾ ഉയർന്ന അനുപാതത്തിൽ ബജറ്റ് വിഹിതം പട്ടികജാതി പട്ടികവർഗ്ഗ ഉപപദ്ധതികൾക്കായി വകയിരുത്തുന്ന ഏക സംസ്ഥാനമാണ് കേരളം.

- **ഭവന നിർമ്മാണ മേഖലയിൽ** ഭവനരഹിത പട്ടികവർഗ്ഗക്കാരുടെ ഭവന നിർമ്മാണം **(ലൈഫ് മിഷൻ)** പദ്ധതി, ഭവന നിർമ്മാണം-അപൂർണ്ണമായ വീടുകളുടെ പൂർത്തീകരണം പദ്ധതി **(SAFE),** അംബേദ്ക്കർ സെറ്റിൽമെന്റ് വികസന പദ്ധതി തുടങ്ങിയവ നടപ്പാക്കുന്നു.

- **ലൈഫ് മിഷൻ പദ്ധതിയിൽ** **1.48** ലക്ഷം പട്ടികജാതി ഗുണഭോക്താക്കൾക്ക് ധനസഹായം അനുവദിച്ചു. ഇതിൽ **1,10,930** വീടുകൾ പൂർത്തിയാക്കി. ഇതിനുപുറമെ **1,92,439** വീടുകളുടെ നിർമ്മാണം നടന്നു വരുന്നു. പട്ടികവർഗ വിഭാഗത്തിൽ **53,438** വീടുകൾ അനുവദിച്ചതിൽ **46,314** വീടുകൾ പൂർത്തിയായി.

- അപൂർണ്ണ ഭവനങ്ങളുടെ പൂർത്തീകരണത്തിനും നവീകരണത്തിനുമായി ആരംഭിച്ച **സേഫ് പദ്ധതിയിൽ** **52,104** പട്ടികജാതി പട്ടികവർഗ്ഗ കുടുംബങ്ങൾക്കും **11,860** പട്ടികവർഗ്ഗ കുടുംബങ്ങൾക്കും ധനസഹായം അനുവദിച്ചു.

- **അംബേദ്കർ ഗ്രാമ വികസന പദ്ധതി** വഴി **25**-ൽ അധികം കുടുംബങ്ങൾ താമസിക്കുന്ന നഗറുകളിൽ മെച്ചപ്പെട്ട അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനായി ഓരോ നഗറിനും **1** കോടി രൂപ വീതം **1246** നഗറുകളിൽ അംബേദ്ക്കർ ഗ്രാമം പദ്ധതി നടപ്പിലാക്കി.

- **2024-25** മുതൽ **5** മുതൽ **14** വരെ / **15** വരെയുള്ള പട്ടിക വിഭാഗ കുടുംബങ്ങൾക്കായി **ഐശ്വര്യ ഗ്രാമം** പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കുന്നു. വകുപ്പിന്റെ വിഹിതത്തിനൊപ്പം തദ്ദേശ സ്ഥാപനങ്ങൾക്കും ഈ വികസന പദ്ധതിയിൽ ഒപ്പം ചേരാനാകും.

- **ഭൂരഹിത പുനരധിവാസ പദ്ധതി:** പട്ടികവിഭാഗക്കാർക്ക് വീട് നിർമ്മാണത്തിന് ഭൂമി ലഭ്യമാക്കുന്ന ഈ പദ്ധതിപ്രകാരം **2021** മുതൽ ഇതേവരെ **13928** പേർക്ക് **66.03** ഏക്കർ ഭൂമി

വിതരണം ചെയ്തു. കൂടാതെ ദുർബല വിഭാഗത്തിൽപ്പെട്ടവർക്ക് വീടനുള്ള ഭൂമി വാങ്ങുന്നതിനും പ്രത്യേക പദ്ധതി നടപ്പാക്കി വരുന്നു.

- **'അതിദാരിദ്ര്യ നിർമ്മാർജന പദ്ധതി'** പ്രകാരം സംസ്ഥാനത്ത് കണ്ടെത്തിയ **11,095** പട്ടികജാതി കുടുംബങ്ങളെ അതിദാരിദ്ര്യ മുക്തമാക്കുകയും, അതിദാരിദ്ര്യ മുക്തമായ കുടുംബങ്ങൾ വീണ്ടും ആ അവസ്ഥയിലേക്ക് വഴുതി വീഴാതിരിക്കാനും അവർക്ക് സുസ്ഥിരമായ ജീവിതസാഹചര്യം ഉറപ്പാക്കാനും ലക്ഷ്യമിട്ട് അതിദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതി **2.0 ( EPEP 2.0)** ആരംഭിച്ചു.
- **വിദ്യാഭ്യാസ മേഖലയിൽ** പ്രീ-മെട്രിക്, പോസ്റ്റ്-മെട്രിക്, വിദേശ പഠനം, അയ്യൻകാളി ടാലന്റ് സെർച്ച് തുടങ്ങി വിവിധ സ്കോളർഷിപ്പുകൾ, പഠനമുറികൾ, ലാപ് ടോപ് വാങ്ങുന്നതിന് ധനസഹായം എന്നീ പദ്ധതികൾ നടപ്പാക്കിവരുന്നു.
- പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പുകൾ മുഖേന പ്രതിവർഷം **6** ലക്ഷത്തിൽപരം വിദ്യാർത്ഥികൾക്ക് വരുമാനപരിധിയില്ലാതെ പ്രീ-മെട്രിക്, പോസ്റ്റ്-മെട്രിക്, ഇ-ഗ്രാന്റ്സ് ധനസഹായം നൽകി വരുന്നു. പ്രീ-പ്രൈമറി മുതൽ ഗവേഷണ പഠനത്തിനും പൈലറ്റ് പരിശീലനമടക്കമുള്ള തൊഴിലധിഷ്ഠിത കോഴ്സുകൾക്കും സ്കോളർഷിപ്പ് നൽകുന്നു. കഴിഞ്ഞ **10** വർഷം കൊണ്ട് **47,09,507** പട്ടികജാതി വിദ്യാർത്ഥികളുടെ പഠനത്തിനായി **2747.7** കോടി രൂപയും പട്ടികവർഗ്ഗക്കാരായ **2,58,742** വിദ്യാർത്ഥികൾക്ക് **332.71** കോടി രൂപയുടെ സ്കോളർഷിപ്പുകളും നൽകി. സ്കോളർഷിപ്പിനായി മാത്രം ചെലവഴിച്ചത് **3080.42** കോടി രൂപയാണ്.
- **പഠനമുറി** പദ്ധതി പ്രകാരം ഇതേവരെ **47,024** കുടുംബങ്ങൾക്ക് പഠനമുറികൾ അനുവദിച്ചു. പട്ടികവർഗ്ഗ ഉന്നതികളോട്ടു ചേർന്നുള്ള **364** സാമൂഹ്യ പഠനമുറികൾക്ക് പുറമേ, ഈ വർഷം മുതൽ വ്യക്തിഗത ആനുകൂല്യമായി ഡിജിറ്റൽ കണക്റ്റിവിറ്റി ഉറപ്പാക്കുന്ന **സ്മാർട്ട് പഠനമുറി**ക്ക് **2.5** ലക്ഷം രൂപ വീതം നൽകും. ആദ്യഘട്ടത്തിൽ **1000** സ്മാർട്ട് പഠന മുറികൾ നിർമ്മിക്കുന്നതിനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.
- ലോകത്തെ മികച്ച വിദേശ സർവകലാശാലകളിലെ പഠനത്തിന് **25** ലക്ഷം രൂപവരെ ധനസഹായം നൽകുന്ന **ഉന്നതി ഓവർസീസ് സ്കോളർഷിപ്പ്** മുഖേന ഇതുവരെ **1104** വിദ്യാർത്ഥികൾക്ക് വിദേശ പഠന സൗകര്യം ലഭ്യമാക്കി.
- **വിംഗ്സ് പദ്ധതി** വഴി തിരുവനന്തപുരം രാജീവ്ഗാന്ധി ഏവിയേഷൻ അക്കാദമിയിൽ കൊമേഴ്സ്യൽ പൈലറ്റ് ലൈസൻസ് കോഴ്സിന് **25** ലക്ഷം രൂപയും ആദ്യഘട്ട പരിശീലനം

പൂർത്തിയാക്കിയവർക്ക് അധിക പരിശീലനത്തിനും സ്കോളർഷിപ്പ് നൽകിവരുന്നു. ഓരോ വർഷവും **3** പട്ടികജാതി, **2** പട്ടികവർഗ്ഗം, ഒരു ഒ.ഇ.സി. എന്നിങ്ങനെ **6** വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകിവരുന്നു.

- **സിവിൽ സർവീസ്** ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനായി വകുപ്പ് നടപ്പിലാക്കുന്ന **ലക്ഷ്യ പദ്ധതി** മികച്ച സ്വകാര്യ സ്ഥാപനങ്ങളേയും സ്റ്റേറ്റ് സിവിൽ സർവ്വീസ് അക്കാദമിയേയും ഉൾപ്പെടുത്തി പരിഷ്കരിച്ചു. പ്രതിവർഷം **180** പേർക്ക് പ്രവേശനം നൽകുന്നു. പഠന, താമസ, പുസ്തക ചെലവുകൾ എന്നിവയ്ക്ക് പുറമെ പരീക്ഷകൾക്കാവശ്യമായ പൂർണ്ണ സാമ്പത്തിക സഹായവും ഉറപ്പാക്കുന്നു.
- **പാലക്കാട് മെഡിക്കൽ കോളേജിനായി** ഈ കാലയളവിൽ ചെലവഴിച്ചത് **750** കോടി രൂപയാണ്. **500** വിദ്യാർത്ഥികൾ ഇവിടെ നിന്നും പഠനം പൂർത്തിയാക്കി. **500** വിദ്യാർത്ഥികൾ പഠനം നടത്തിവരുന്നു.
- **പിന്നാക്ക വിഭാഗ വികസന വകുപ്പ്** OEC, OBC, KPCR എന്നീ വിദ്യാഭ്യാസ സ്കോളർഷിപ്പുകളിലൂടെ പ്രതിവർഷം **7** ലക്ഷം വിദ്യാർത്ഥികൾക്ക് ധനസഹായം നൽകുന്നു. കഴിഞ്ഞ **5** വർഷം **2693.49** കോടി രൂപ ഈ ഇനത്തിൽ നൽകി. ഈ വർഷം **250** കോടി രൂപ അധിക ധനസഹായം ലഭ്യമാക്കി.
- കേന്ദ്ര സർക്കാർ നിർത്തലാക്കിയ സ്കോളർഷിപ്പ് സംസ്ഥാന സർക്കാർ ഏറ്റെടുത്തു. **കെടാവിളക്ക് സ്കോളർഷിപ്പ് പദ്ധതി** വഴി സംസ്ഥാനത്തെ **1** മുതൽ **8** വരെ ക്ലാസുകളിലെ OBC കുട്ടികൾക്കായി **2023** മുതൽ നാളിതുവരെ **39.36** കോടി രൂപ ചെലവഴിച്ചു. **215045** വിദ്യാർത്ഥികൾക്ക് ഇതിന്റെ പ്രയോജനം ലഭിച്ചു.
- ലോകത്തെ മികച്ച വിദേശ സർവകലാശാലകളിലെ പഠനത്തിനായി **ഓവർസീസ് സ്കോളർഷിപ്പ്** പഠനത്തിന് പ്രതിവർഷം **100** പിന്നാക്ക വിഭാഗ വിദ്യാർത്ഥികൾക്ക് **10** ലക്ഷം രൂപവരെ ധനസഹായം നൽകുന്ന രീതിയിൽ മാർഗ്ഗരേഖ പരിഷ്കരിച്ച് പദ്ധതി നടപ്പാക്കുന്നു.
- പ്രൊഫഷണൽ/ബിരുദ യോഗ്യത നേടിയ പട്ടിക വിഭാഗക്കാരായ യുവതീ-യുവാക്കൾക്ക് പ്രവൃത്തിപരിചയം നേടുന്നതിനും മികച്ച ജോലികൾ ഉറപ്പാക്കുന്നതിനുമുള്ള **ട്രേസ് പദ്ധതി** വഴി വിവിധ മേഖലകളിലായി **5000** പേർ പരിശീലനം പൂർത്തിയാക്കി. **5000** പേർ നിലവിൽ പരിശീലനം നേടിവരുന്നു.
- സംസ്ഥാനത്തെ ഐടിഐ, പോളിടെക്നിക് പഠനം പൂർത്തിയായ തൊഴിലന്വേഷകർക്ക് വിവിധ ട്രേഡുകളിൽ നൈപുണ്യപരിശീലനവും വ്യക്തിത്വ വികസന, ഭാഷാ പരിശീലനവും

ഉറപ്പാക്കി തൊഴിലിലേയ്ക്ക് എത്തിക്കുന്നതിന് ലക്ഷ്യമിടുന്ന **വിജ്ഞാന കേരളം പദ്ധതി**യുടെ ലക്ഷ്യം. പട്ടികജാതി, പട്ടികവർഗ്ഗ വകുപ്പുകളും കെ-ഡിസ്കും സംയുക്തമായി ആവിഷ്കരിച്ച് നടപ്പിലാക്കുന്ന **'ഉന്നതി-വിജ്ഞാന കേരളം വഴി** ഇന്റേൺഷിപ്പുകൾ, തൊഴിൽ, അപ്രന്റീസ് ഷിപ്പുകൾ വഴി 2026 മാർച്ച് 31 നകം 10,000 തൊഴിലവസരങ്ങൾ സൃഷ്ടിക്കും.

- വകുപ്പിന്റെ കീഴിൽ 44 ഐ.ടി.ഐ.-കളിൽ ഡിജിറ്റൽ സർവകലാശാലയുമായി സഹകരിച്ചും, KIIFB മുഖേന ലാംഗ്വേജ് ലാബുകൾ സ്ഥാപിച്ചും ബ്രിഡ്ജ് കോഴ്സുകൾ ആരംഭിച്ചും വിദ്യാർത്ഥികൾക്ക് പരിശീലനവും തൊഴിലും ഉറപ്പാക്കുന്നു.
- **ആരോഗ്യമേഖലയിൽ** സമഗ്ര ആരോഗ്യ സുരക്ഷ പദ്ധതി, സിക്കിൽ സെൽ അനീമിയ രോഗികൾക്കുള്ള ധനസഹായം പദ്ധതി, പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് മന്ത്രിയുടെ ദുരിതാശ്വാസനിധി തുടങ്ങിയ പദ്ധതികളും നടപ്പിലാക്കിവരുന്നു.
- **പട്ടികവർഗ്ഗ വികസന വകുപ്പ് മന്ത്രിയുടെ ദുരിതാശ്വാസനിധി**യിൽ 2016 മുതൽ 2025 വരെ 1,40,451 ഗുണഭോക്താക്കൾക്കായി 286.30 കോടി രൂപ ചികിത്സ ധനസഹായം അനുവദിച്ചു. പട്ടികവർഗ്ഗക്കാരുടെ ചികിത്സ ധനസഹായ പദ്ധതിയും ഓൺലൈൻ മുഖേനയാക്കി.
- ഏക വരുമാനദായകന്റെ അഭാവത്താൽ പ്രതിസന്ധിയിലാകുന്ന കുടുംബങ്ങൾക്ക് വകുപ്പ് മുഖേന രണ്ട് ലക്ഷം രൂപ ധനസഹായം അനുവദിക്കുന്നു. ഇതേവരെ 7224 ഗുണഭോക്താക്കൾക്ക് തുക അനുവദിച്ചു.
- **സിക്കിൽ സെൽ അനീമിയ രോഗികൾക്കുള്ള ധനസഹായം** - പട്ടികവർഗ്ഗക്കാർക്കിടയിൽ കണ്ടുവരുന്ന ഒരു പാരമ്പര്യ രോഗത്തിന്, സാന്ത്വനമെന്ന നിലയിൽ പ്രതിമാസം 2500/- രൂപ ധനസഹായം അനുവദിച്ച് നൽകുന്നു. കൂടാതെ സിക്കിൾ സെൽ അനീമിയ രോഗികൾക്ക് അവരുടെ ജീവിതവരുമാനം വർദ്ധിപ്പിക്കുന്നതിനായി പരമാവധി 2,00,000/- രൂപവരെ ഒറ്റത്തവണ ധനസഹായവും അനുവദിക്കുന്നു.
- സംസ്ഥാനത്തെ പട്ടികവർഗ്ഗക്കാർക്ക് ചികിത്സയും ആരോഗ്യ സംരക്ഷണവും ഉറപ്പുവരുത്തുന്നതിനായി നടപ്പാക്കി വരുന്ന പദ്ധതിയിൽ എ.പി.എൽ, ബി.പി.എൽ വ്യത്യാസമില്ലാതെ എല്ലാ പട്ടികവർഗ്ഗക്കാർക്കും 10,000/- രൂപവരെ ചികിത്സാ ചെലവ് സർക്കാർ ആശുപത്രികളിലും, മെഡിക്കൽ കോളേജ് ആശുപത്രികളിലും സൗജന്യമായി ലഭിക്കുന്നു. ബി.പി.എൽ വിഭാഗത്തിൽപ്പെട്ട രോഗികൾക്ക് സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെട്ട സർക്കാർ ആശുപത്രികൾ, സർക്കാർ മെഡിക്കൽ കോളേജ്, ഇതുമായി ബന്ധപ്പെട്ട ആശുപത്രികൾ, തിരുവനന്തപുരത്തെ ശ്രീ ചിത്തിര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ് & ടെക്നോളജി, റീജിയണൽ കാൻസർ സെന്റർ, ശ്രീ.

അവിട്ടംതിരുനാൾ ആശുപത്രി, റീജിയണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഒഫ്താൽമോളജി എന്നീ സ്ഥാപനങ്ങൾ വഴി സൗജന്യ ചികിത്സനൽകി വരുന്നു. ചികിത്സാ ചെലവ് **50,000/-** രൂപയിൽ അധികരിക്കുകയാണെങ്കിൽ സർക്കാർ അനുമതി ഉത്തരവിലൂടെ ചികിത്സാചെലവ് അനുവദിക്കുന്നു. ആശുപത്രിയിൽ സൗജന്യമായി ലഭ്യമല്ലാത്ത മരുന്നുകൾ ആശുപത്രിയോട് അനുബന്ധിച്ചുള്ള മെഡിക്കൽ സ്റ്റോറുകളിൽ നിന്നും വാങ്ങുന്നതിനുള്ള ചെലവ്, ആശുപത്രി വികസന സമിതിയുടെ അധീനതയിലുള്ള മെഡിക്കൽ സ്റ്റോറുകളിൽ നിന്നും ലഭ്യമല്ലാത്ത മരുന്നുകൾ പുറത്ത് മെഡിക്കൽ സ്റ്റോറുകളിൽ നിന്നും വാങ്ങുന്നതിനുള്ള ചെലവ്, ആശുപത്രികളിൽ നിന്നുള്ള ലാബ് ടെസ്റ്റിൻ്റെ ചെലവുകൾ, സർക്കാർ ആശുപത്രികൾ/ സർക്കാർ നിയന്ത്രിത സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ സൗജന്യമായി ലഭ്യമാകാത്ത ലാബ് ടെസ്റ്റുകൾ പുറത്ത് നിന്നുള്ള സ്ഥാപനങ്ങളിൽ നിന്നും ചെയ്യുന്നതിനുള്ള ചെലവ്, രോഗികൾക്ക് ചികിത്സയ്ക്കായി അത്യാവശ്യം വേണ്ടി വരുന്ന ചികിത്സാ ഉപകരണങ്ങൾ ആശുപത്രികളിൽ ലഭ്യമല്ലാത്ത സാഹചര്യങ്ങളിൽ പുറത്തുനിന്നും ലഭ്യമാക്കുന്നതിനുള്ള ചെലവ്, രോഗികളെ ആശുപത്രികളിൽ എത്തിക്കുന്നതിനും അവശരായ രോഗികളെ ചികിത്സ കഴിഞ്ഞ് വീട്ടുകളിൽ എത്തിക്കുന്നതിനും, മരണമടഞ്ഞവരുടെ മൃതദേഹം വീട്ടുകളിൽ എത്തിക്കുന്നതിനും വേണ്ടി വരുന്ന യഥാർത്ഥ ആംബുലൻസ് / വാഹന വാടക, ആശുപത്രികളിൽ രോഗികളായവർക്ക് സൗജന്യഭക്ഷണം ലഭ്യമല്ലാത്ത സാഹചര്യങ്ങളിൽ ഭക്ഷണത്തിനായി പ്രതിദിനം **150/-** രൂപ വരെയുള്ള ചെലവ്, ആശുപത്രികളിൽ രോഗികളുടെ കൂട്ടിരിപ്പിനായി തങ്ങുന്ന ഒരാൾക്ക് പ്രതിദിനം **200/-** രൂപ വരെയുള്ള ചെലവ് എന്നിവ അനുവദിച്ചു നൽകുന്നു.

- പട്ടികവിഭാഗ നാനോ/മൈക്രോ സംരംഭങ്ങളുടെ വികസനവും സാമ്പത്തിക സ്ഥിരതയും ലക്ഷ്യമിട്ട് **'സമൃദ്ധി കേരളം'** പദ്ധതിയിലൂടെ നിലവിൽ പ്രവർത്തിക്കുന്ന വ്യവസായ സംരംഭങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ മുഖേന **10** ലക്ഷം രൂപ വരെ ടോപ്-അപ് ലോൺ നൽകുന്ന പുതിയ **"സമൃദ്ധി കേരളം"** പദ്ധതി ആരംഭിച്ചു. വായ്പയിൽ പലിശ ഇളവും സബ്സിഡിയും ലഭിക്കുന്ന പദ്ധതിക്ക് വനിതാ സംരഭകർക്കും ദുർബലവിഭാഗക്കാർക്കും പദ്ധതിയിൽ മുൻഗണന ലഭിക്കും. നിലവിൽ പ്രവർത്തിക്കുന്ന
- കേരള സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷൻ മുഖേന വിവിധ ആവശ്യങ്ങൾക്കായി **50,000** മുതൽ **50** ലക്ഷം രൂപവരെ കോർപറേഷൻ വായ്പ നൽകുന്നു. കോർപ്പറേഷൻ മുഖേന ഈ കാലയളവിൽ **5,48,639** ഗുണഭോക്താക്കൾക്ക് **5912.67** കോടി രൂപ വായ്പ നൽകി. ഇതിനായി ഈ വർഷം **400** കോടി രൂപ സർക്കാർ അധിക ഗ്യാരണ്ടി അനുവദിച്ചു.

## അനുബന്ധം – 2

- പട്ടികജാതി വിഭാഗങ്ങളിലെ അതിദാരിദ്ര്യമുക്ത ജനവിഭാഗങ്ങളുടെ ജീവിത സാഹചര്യങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുന്നതിനുവേണ്ടി അതിദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതി **2.0 ( EPEP 2.0)** എന്ന പേരിൽ അതിദാരിദ്ര്യ നിർമ്മാർജന പദ്ധതിയുടെ രണ്ടാം ഘട്ടത്തിന്റെ പ്രാരംഭ ചർച്ചകൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പ് മുഖേന തുടക്കം കുറിച്ചിട്ടുണ്ട്. അതിദാരിദ്ര്യ നിർമ്മാർജന പദ്ധതിയുടെ ആദ്യ ഘട്ടത്തിൽ ഭക്ഷണം , ആരോഗ്യം, വരുമാനം, സുരക്ഷിതമായ വാസസ്ഥലം എന്നീ **4** ഘടകങ്ങളെ അടിസ്ഥാനമാക്കിയാണ് അതിദരിദ്ര കുടുംബങ്ങളെ കണ്ടെത്തിയതും അവരെ അതിദാരിദ്ര്യ മുക്തമാക്കിയതും. എന്നാൽ ഈ പദ്ധതി വഴി അതിദാരിദ്ര്യ മുക്തമായ കുടുംബങ്ങൾ വീണ്ടും അവസ്ഥയിലേക്ക് വഴുതിവീഴാതിരിക്കാനും അവർക്ക് സുസ്ഥിരമായ ജീവിതസാഹചര്യം ഉറപ്പാക്കാനും ലക്ഷ്യമിട്ട് അതിദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതി **2.0 ( EPEP 2.0)** ആരംഭിച്ചു.
- പട്ടികജാതി വികസന വകുപ്പിന് ഈ പ്രക്രിയയിൽ വകുപ്പ് മുഖേന നിലവിൽ നടപ്പിലാക്കുന്ന **SAFE**, ചികിത്സാ ധനസഹായം, വരുമാന വീട്, സമൃദ്ധി കേരളം, സ്വയംതൊഴിൽ പദ്ധതി, വിദേശതൊഴിൽ പദ്ധതി എന്നിവ വഴി പങ്കുചേരാനാകും.
- പട്ടികവർഗ്ഗ വിഭാഗത്തിലെ അതിദാരിദ്ര്യമുക്ത ജനവിഭാഗങ്ങളുടെ ജീവിത സാഹചര്യങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുന്നതിനുവേണ്ടിയുയുള്ള എല്ലാ പദ്ധതികളും സംസ്ഥാനതലത്തിൽ വകുപ്പ് മന്ത്രി, സെക്രട്ടറി, ഡയറക്ടർ തലങ്ങളിൽ വിലയിരുത്തി വേണ്ട നിർദ്ദേശങ്ങൾ യഥാസമയം നൽകുന്നുണ്ട്. കൂടാതെ ജില്ലാ തലത്തിൽ ജില്ലാ കളക്ടർ പ്രോജക്ട് ഓഫിസർ/ ട്രൈബൽ ഡെവലപ്മെന്റ് ഓഫിസർമാരുടെ സാന്നിധ്യത്തിൽ വിലയിരുത്തുന്നുണ്ട്. ഇത് കൂടാതെ ഓരോ ജില്ലയുടെയും പുരോഗതി ഡയറക്ടറേറ്റിലെ നിയന്ത്രണ ഉദ്യോഗസ്ഥരുടെ നിയന്ത്രണത്തിൽ വിലയിരുത്തി വരുന്നുണ്ട്.
- കൂടാതെ നിലവിലുള്ള പദ്ധതികളുടെ പോരായ്മകൾ പരിഹരിക്കുന്നതിനായി പട്ടിക വർഗ്ഗ ഉന്നതികളിലെ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുക, എല്ലാവരും ഉൾക്കൊള്ളുന്ന വികസനം ഉറപ്പാക്കി പട്ടിക വർഗ്ഗക്കാരുടെ മൊത്തത്തിലുള്ള ക്ഷേമം വർധിപ്പിക്കുക എന്നിവ ലക്ഷ്യമാക്കി പട്ടികവർഗ്ഗ ഉന്നതികളിലെ അടിസ്ഥാന സൗകര്യങ്ങളിലെ നിർണായ വിടവുകൾ പരിഹരിക്കുന്നതിനുള്ള പ്രത്യേക പാക്കേജ് എന്ന പുതിയ പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുന്നു. ഐടിഐ യോഗ്യതയുള്ള പട്ടികവർഗ്ഗക്കാരായ യുവതി യുവാക്കൾക്ക് തൊഴിൽ നേടുന്നതിന്

വേണ്ടി **K-DISC** മുഖാന്തരം അഡീഷണൽ നൈപുണ്യപരിശീലനം നൽകിക്കൊണ്ട് തൊഴിൽ ലഭ്യമാക്കുന്ന പദ്ധതിയാണ് ഉന്നതി വിജ്ഞാന കേരള പദ്ധതി. പദ്ധതിയുടെ ആദ്യഘട്ടം എന്ന നിലയ്ക്ക് **80** ഓളം പട്ടികവർഗ്ഗ യുവതി യുവാക്കൾക്ക് കേരളത്തിൽ ഉടനീളം നടന്ന പത്ത് ദിന ബ്രിഡ്ജിംഗ് കോഴ്സിൽ പരിശീലനം നൽകുകയും അവരെ ജോബ് ഫെയറിലേക്ക് എത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയും ചെയ്യുന്നു.

## അനുബന്ധം – 3

- **ക്ലറിക്കൽ അസിസ്റ്റന്റ്:** അഭ്യസ്തവിദ്യരും തൊഴിൽരഹിതരുമായ യുവതീ യുവാക്കൾക്ക് ഓഫീസ് ജോലികളിൽ പരിശീലനം നൽകുന്ന പദ്ധതി
- **അക്രഡിറ്റഡ് എൻജിനീയർ/ഓവർസീയർ:** സിവിൽ എഞ്ചിനിയറിങ്ങിൽ **B.Tech/ Diploma/ITI** പൂർത്തിയാക്കിയ **300** യുവതീ യുവാക്കൾക്ക് പരിശീലനം നൽകുന്ന പദ്ധതി.
- **ലീഗൽ അസിസ്റ്റന്റ്സ്:** നിയമബിരുദധാരികളായി എൻറോൾ ചെയ്ത **69** യുവതി യുവാക്കൾക്ക് അഡ്വക്കേറ്റ് ജനറൽ ഓഫീസിലും ജില്ലാ കോടതികളിലും സ്പെഷ്യൽ കോടതികളിലും ഗവൺമെന്റ് പ്ലീഡർമാരുടെ കീഴിൽ ലീഗൽ അസിസ്റ്റന്റ്മാരായി പരിശീലനം നൽകുന്ന പദ്ധതി.
- **കമ്മ്യൂണിറ്റി സോഷ്യൽ വർക്കർ (CSW):** സോഷ്യൽ വർക്കിൽ ബിരുദാനന്തര ബിരുദമുള്ള **60** യുവതീ യുവാക്കളെ കമ്മ്യൂണിറ്റി സോഷ്യൽ വർക്കർ **(CSW)** മാരായി തിരഞ്ഞെടുക്കുന്ന പരിശീലന പദ്ധതി.
- **ജേണലിസം ട്രയിനി:** പദ്ധതി പ്രകാരം ജേണലിസം ബിരുദധാരികൾക്ക് വിവിധ പത്രം, മീഡിയ സ്ഥാപനങ്ങൾ മുഖേന ജേണലിസം മേഖലയിൽ **2** വർഷത്തെ പരിശീലനം.

അഭ്യസ്തവിദ്യരായ പട്ടികവർഗ്ഗ യുവാക്കൾക്ക് അവരവരുടെ താല്പര്യമനുസരിച്ച് ആനുകാലിക പ്രാധാന്യമുള്ളതും തൊഴിൽ സത്യതയുള്ളതുമായ ഹ്രസ്വകാല തൊഴിൽ പരിശീലനങ്ങൾ അംഗീകൃതപരിശീലന സ്ഥാപനങ്ങൾ വഴി നൽകുകയും പരിശീലനം വിജയകരമായി പൂർത്തിയാക്കുന്നവർക്ക് തൊഴിൽ ദാതാക്കളുമായി വിവിധ സംരംഭങ്ങളിൽ തൊഴിൽ ലഭ്യമാക്കുന്നതിനോ പ്രസ്തുത മേഖലയിൽ സ്വന്തം രീതിയിൽ ഉപജീവനം കണ്ടെത്തുന്നതിന് പ്രാപ്തരാക്കുകയോ ചെയ്യുന്നതിന് ചുവടെ പരാമർശിക്കും പ്രകാരം ആധുനിക തൊഴിൽ അധിഷ്ഠിത നൈപുണ്യ വികസന പദ്ധതികൾ വകുപ്പ് മുഖേന നടത്തി വരുന്നുണ്ട്.

- ഏവിയേഷൻ മേഖലയിലെ തൊഴിൽ പരിശീലനങ്ങൾ
- ഓട്ടോ മൊബൈൽ മേഖലയിലെ തൊഴിൽ പരിശീലനങ്ങൾ
- ഡിജിറ്റൽ മേഖലയിലെ തൊഴിൽ പരിശീലനങ്ങൾ
- ടൂറിസം ആൻഡ് ഹോസ്പിറ്റാലിറ്റി മേഖലയിലെ തൊഴിൽ പരിശീലനങ്ങൾ
- നിർമ്മാണ മേഖലയിലെ തൊഴിൽ പരിശീലനങ്ങൾ

- അഭിഭാഷക ധനസഹായ പദ്ധതി
- പൈലറ്റ് പരിശീലന  ധനസഹായ പദ്ധതി
- സിവിൽ സർവീസ്  പരിശീലന ധനസഹായ പദ്ധതി
- ട്രൈബൽ പാരാമെഡിക് ട്രെയിനി പദ്ധതി
- ഉന്നതി – വിദേശ പഠന സഹായ പദ്ധതി
- **UPSC, SSC, KPSC** തുടങ്ങിയ മത്സര പരീക്ഷകളിലും പരിശീലന പദ്ധതി നടപ്പാക്കിവരുന്നു.